**സബ്മിഷൻ**

(1) <u>മൾട്ടി ലെവൽ മാർക്കറ്റിംഗ് കമ്പനി മോണിറ്ററിംഗ് അതോറിറ്റി</u>

<u>ശ്രീ. എസ്. ശർമ്മ:</u> സർ, കേരളത്തിലെ ഇരുപതോളം കമ്പനികൾക്കു കീഴിലായി മൂന്ന് ലക്ഷത്തോളം വരുന്ന തൊഴിലാളികൾ പണിയെടുക്കുന്ന ഒരു പ്രധാനപ്പെട്ട മേഖലയാണ് മൾട്ടി ലെവൽ മാർക്കറ്റിംഗ് മേഖല. ഈ മേഖലയിലെ തൊഴിലാളികൾ വ്യത്യസ്ത സംഘടനകളിൽ സമരം ചെയ്യുകയും ഒരു പ്രത്യേക ഘട്ടത്തിൽ ഗവൺമെന്റ് ചർച്ചയ്ക്ക് വിളിക്കുകയും ഇവർ ആവശ്യപ്പെട്ട പ്രകാരം ഗൈഡ്‌ലൈൻ പുറപ്പെടുവിക്കുകയും തുടർന്ന് മോണിറ്ററിംഗ് അതോറിറ്റി രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമെന്ന് രേഖാപരമായി അന്ന് ഗവൺമെന്റ് സംഘടനകൾക്ക് ഉറപ്പുകൊടുത്തിരുന്നുവെങ്കിലും അത് പാലിക്കപ്പെട്ടിട്ടില്ല. ഈ മൂന്ന് ലക്ഷത്തോളം വരുന്ന തൊഴിലാളികളെ പ്രതിനിധീകരിച്ച് എല്ലാ ജില്ലകളിൽ നിന്നുമുള്ള ആയിരക്കണക്കിന് തൊഴിലാളികൾ ഇന്ന് നിയമസഭയുടെ മുന്നിലേയ്ക്ക് മാർച്ച് നടത്തുകയാണ്. അവർ ഉന്നയിച്ചിട്ടുള്ള പ്രശ്നങ്ങൾ ന്യായവും ഫലപ്രദവുമായി പരിഹരിക്കപ്പെടുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ്

അടിയന്തര നടപടി സ്വീകരിക്കണമെന്നും മൾട്ടി ലെവൽ മാർക്കറ്റിംഗ് മേഖലയിൽ മോണിറ്ററിംഗ് അതോറിറ്റി രൂപീകരിക്കണമെന്നും അത് മണി ചെയിൻ സംവിധാനത്തെ തടയാനും വ്യാജൻ തടഞ്ഞുനിർത്തുന്നതിനും സഹായകരമാകുമെന്നുമാണ് സംഘടനക്കാർ മുമ്പോട്ടുവച്ചിട്ടുള്ള നിർദ്ദേശം. ഈ വസ്തുത പരിഗണിച്ചുകൊണ്ട് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സംസ്ഥാനത്ത് മൾട്ടി ലെവൽ മാർക്കറ്റിംഗ് രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ നൽകുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ, അവരുടെ സേവനം, തൊഴിൽ പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഈ രംഗത്തെ ഉപഭോക്തൃചൂഷണം, തൊഴിൽ ചൂഷണം എന്നിവ അവസാനിപ്പിക്കുന്നതിനായി സംസ്ഥാനത്ത് ഒരു മാർഗ്ഗരേഖ തയ്യാറാക്കേണ്ടതും ഒരു നിരീക്ഷണ സംവിധാനം രൂപീകരിക്കേണ്ടതും അനിവാര്യമാണെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. മാർഗ്ഗരേഖയുണ്ടാക്കുന്നതിനും നിരീക്ഷണ അധികാര സംവിധാനം രൂപീകരിക്കുന്നതിനുമായി പൊതുവിതരണ ഡയറക്ടർ നോഡൽ ഓഫീസറും പൊതുവിതരണ ഡയറക്ടറേറ്റിലെ ലാ ഓഫീസർ

കൺവീനറുമായി ധനകാര്യം, നികുതി, ആഭ്യന്തരം, വ്യവസായം, നിയമം എന്നീ വകുപ്പുകളിലെയും ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ എന്ന സ്ഥാപനത്തിലേയും പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. മാർഗ്ഗരേഖയും നിരീക്ഷണ അധികാര സംവിധാനവും നിലവിൽവന്നുവെങ്കിൽ മാത്രമേ ഈ രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ക്ഷേമനിധിയും മറ്റ് ആനുകൂല്യങ്ങളും സംബന്ധിച്ച് തീരുമാനമെടുക്കുവാൻ കഴിയുകയുള്ളൂ.

(2) <u>പരിസ്ഥിതി കമ്മീഷൻ</u>

<u>ശ്രീ. സി. കെ. ശശീന്ദ്രൻ:</u> സർ, കേരളത്തിൽ കാലാവസ്ഥാ വ്യതിയാനം ഏറ്റവും കൂടുതൽ അനുഭവപ്പെടുന്ന ജില്ലയാണ് വയനാട്. കഴിഞ്ഞ കുറച്ച് വർഷങ്ങളായി എല്ലാ വർഷവും മഴ കുറഞ്ഞുവരികയാണ്. 2015-16-ലും 2016-17-ലും 59 ശതമാനം മഴക്കുറവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഭൗമശാസ്ത്രജ്ഞന്മാർ പറയുന്നത്, 40 ശതമാനത്തിൽ കുറവ് മഴയുണ്ടായാൽ വരൾച്ചയുടെ ലക്ഷണങ്ങൾ ആരംഭിക്കുമെന്നും 50 ശതമാനത്തിൽ കൂടുതലാണെങ്കിൽ പരിഹരിക്കാൻ കഴിയാത്ത രീതിയിലുള്ള

പ്രത്യാഘാതങ്ങൾക്ക് ഇടയാക്കുമെന്നുമാണ്. വയനാട് പതുക്കെ പതുക്കെ മരുഭൂമിയായി മാറുമെന്നാണ് ഭൗമശാസ്ത്രജ്ഞന്മാർ പറയുന്നത്. തുടർച്ചയായി കുറഞ്ഞുവരുന്ന വർഷപാതം, അനുക്രമമായി വർദ്ധിച്ചുകൊണ്ടിരിക്കുന്ന ദിനതാപനില, രൂക്ഷമാകുന്ന വന്യമൃഗ ശല്ല്യം, ഭൂമി വിനിയോഗത്തിലെ തെറ്റായ ചില പ്രവണതകൾ, അനിയന്ത്രിതമായ മണ്ണെടുക്കൽ, കുന്ന് ഇടിക്കൽ, വയൽ നികത്തൽ, പാറഖനനം, കാപ്പി-തേയില-തോട്ടവിളകളെ നേരിടുന്ന പ്രതിസന്ധി, നെൽ വയലുകളുടെ ശോഷണം ഇതെല്ലാം വയനാടിനെ ഗുരുതരമായി ബാധിച്ചുകൊണ്ടിരിക്കുകയാണ്. വയനാട് ജില്ലയുടെ സവിശേഷ ഭൂപ്രകൃതിയും കാലാവസ്ഥയും കാർഷിക-കാർഷികേതര ഘടകങ്ങളും കണക്കിലെടുത്ത് ആവശ്യമായ ശാസ്ത്രീയ പഠനം നടത്തി വയനാടിനെ സംരക്ഷിക്കാൻ പ്രായോഗിക പ്രവർത്തനങ്ങൾ നിർദ്ദേശിക്കാൻ കഴിയാവുന്ന രീതിയിലേയ്ക്കുള്ള ഒരു പരിസ്ഥിതി കമ്മീഷനെ രൂപീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, കഴിഞ്ഞ ഒരു വ്യാഴവട്ടക്കാലമായി വയനാട്ടിൽ കാലവർഷവും തുലാവർഷവും ദുർബലമാണ്. ഇക്കൊല്ലം ഇതുവരെയുള്ള കണക്കുപ്രകാരം കാലവർഷത്തിൽ ലഭിക്കേണ്ട

മഴയുടെ 41 ശതമാനം മാത്രമാണ് ലഭിച്ചത്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായാണ് മഴ ലഭ്യത കുറയുന്നതും താപനിലയിൽ വ്യത്യാസം വരുന്നതെന്നും വിലയിരുത്തപ്പെട്ടിട്ടുണ്ട്. കാർഷിക വിളകളുടെ ഉത്പാദനക്ഷമതയേയും വിള രീതികളേയുമെല്ലാം ഇത് ബാധിച്ചിട്ടുമുണ്ട്. വയനാട് നേരിടുന്ന പാരിസ്ഥിതിക പ്രശ്നങ്ങളിൽ പലതും മനുഷ്യനിർമ്മിതമാണെന്നാണ് പൊതുവെ വിലയിരുത്തുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ദുരന്ത ലഘൂകരണത്തിനും പാരിസ്ഥിതിക പരിപാലനത്തിനും ചില ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ദുരന്ത സാദ്ധ്യതാ ഭൂപടങ്ങളുടെ അടിസ്ഥാനത്തിൽ ചില പ്രദേശങ്ങളിൽ പാറഖനനം പൂർണ്ണമായും നിരോധിക്കുകയും ചെയ്തു. നെൽവയലുകൾ തരംമാറ്റപ്പെടുന്നതും പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമാകുന്നു. മാനുഷികമായ ഇടപെടലുകൾ വയനാട് ജില്ലയുടെ സവിശേഷ ഭൂപ്രകൃതിയെ സാരമായി ബാധിക്കുന്നുണ്ടെന്നത് നിസ്തർക്കമായ കാര്യമാണ്. പരിസ്ഥിതിക്ക് കോട്ടം തട്ടുന്ന തരത്തിലുള്ള പ്രവർത്തനങ്ങളും ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവുമെല്ലാം വയനാടൻ പ്രകൃതിയെ ഏത് രീതിയിൽ ബാധിക്കുമെന്നത്

വിലയിരുത്തപ്പെടേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ പരിഹാര നടപടികൾ കൈക്കൊള്ളേണ്ടതുമുണ്ട്. വയനാട്ടിലെ കാലാവസ്ഥാ വ്യതിയാനംമൂലമുള്ള പ്രശ്നങ്ങളുടെ ഗൗരവം കണക്കിലെടുത്ത് കാർബൺ ന്യൂട്രൽ വയനാട് പ്രോജക്ടിന് രൂപം നൽകിയിട്ടുണ്ട്. മീനങ്ങാടി പഞ്ചായത്തിൽ ഇതിന് തുടക്കമായി. ജില്ലയിൽ ഹരിതകേരളം മിഷന്റെ പ്രവർത്തനവും കൂടുതൽ ശക്തമാക്കും. നിലവിൽ കാർഷിക സർവ്വകലാശാല ഇതുസംബന്ധിച്ച് ചില പഠനങ്ങൾ നടത്തിവരുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനം പഠിക്കുവാനുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്ലൈമറ്റ് ചെയ്ഞ്ച് സ്റ്റഡീസിനും ഇക്കാര്യത്തിൽ ഫലപ്രദമായ ഇടപെടലുകളും പഠനങ്ങളും നടത്താൻ കഴിയും. വയനാട്ടിലെ സവിശേഷ സാഹചര്യം കണക്കിലെടുത്ത് ഇക്കാര്യത്തിൽ ആവശ്യമായ പഠനങ്ങൾ നടത്തുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ ഫലപ്രദമായ പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുന്നിനും സർക്കാർ ഊർജ്ജിത ശ്രമം നടത്തും.

(3) കഞ്ചിക്കോട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്

ശ്രീ. വി. എസ്. അച്യുതാനന്ദൻ: സർ, മലമ്പുഴ മണ്ഡലത്തിലെ പുതുശ്ശേരി ഗ്രാമപഞ്ചായത്തിൽ കഞ്ചിക്കോട് വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് അടച്ചുപൂട്ടൽ

ഭീഷണി നേരിടുകയാണ്. 1974-ൽ സ്ഥാപിതമായ ഈ കമ്പനി ഇന്ത്യയിൽ ജല വൈദ്യുത - താപ വൈദ്യുത പദ്ധതികൾക്കും ഐ.എസ്.ആർ.ഒ.-യ്ക്കും ആണവ നിലയങ്ങൾക്കും ആവശ്യമായ അത്യാധുനിക കൺട്രോൾ വാൽവ് നിർമ്മാണത്തിലേർപ്പെട്ടിരിക്കുന്ന ഏക സ്ഥാപനമാണ്. രാജ്യത്തെ ബഹുരാഷ്ട്ര കുത്തക കമ്പനികളുമായി മത്സരിച്ച് കൺട്രോൾ വാൽവ് നിർമ്മാണത്തിന്റെ വില നിയന്ത്രിക്കുന്നതിൽ മർമ്മപ്രധാനമായ പങ്കുവഹിക്കുന്ന ന്യൂക്ലിയർ ആപ്ലിക്കേൻസിനായി തദ്ദേശീയമായ വാൽവ് വികസിപ്പിച്ചെടുത്തുകൊണ്ടുള്ള അഭിമാനകരമായ നേട്ടവും ഈ പൊതുമേഖലാ സ്ഥാപനത്തിനുണ്ട്. കമ്പനിയുടെ മാതൃസ്ഥാപനമായ രാജസ്ഥാനിലെ കോട്ട യൂണിറ്റ് 2016-ൽ കേന്ദ്ര സർക്കാർ അടച്ചുപൂട്ടി. എന്നാൽ പാലക്കാട് യൂണിറ്റ് കഴിഞ്ഞ പത്തു വർഷത്തിനിടയിൽ 112 കോടി രൂപയുടെ പ്രവർത്തനലാഭമുണ്ടാക്കിയിട്ടുണ്ട്. 292 സ്ഥിരം ജീവനക്കാരും 162 കരാർ ജീവനക്കാരുമുള്ള ഈ സ്ഥാപനത്തിന്റെ അനുബന്ധ സ്ഥാപനങ്ങളായി കോയമ്പത്തൂരും, പാലക്കാട്ടുമായി 212 ചെറുകിട വ്യവസായസ്ഥാപനങ്ങളും പ്രവർത്തിക്കുന്നു. കേരള സർക്കാർ പാട്ടത്തിന് നൽകിയ 200 ഏക്കർ സ്ഥലത്താണ് കമ്പനി പ്രവർത്തിക്കുന്നത്. ഇവിടെ തൊഴിലെടുക്കുന്ന ജീവനക്കാർക്ക് ഏറ്റവും അവസാനമായി 1997-ലെ ശമ്പള

പരിഷ്കരണം, 2009-ലാണ് നടപ്പിലാക്കിയിട്ടുള്ളത്. 2007-ലേയും 2017-ലേയും ശമ്പളപരിഷ്കരണം ഇതുവരെ കമ്പനിയിലെ ജീവനക്കാർക്ക് അനുഭവവേദ്യമായിട്ടില്ല. ശമ്പളപരിഷ്കരണ കുടിശ്ശിക ഒന്നുംതന്നെ ജീവനക്കാർക്ക് ഇതുവരെ നൽകിയിട്ടുമില്ല.

പ്രസ്തുത കമ്പനിയെ 1994-ൽ 'സിക്ക്' കമ്പനികളിൽ ഒന്നായി പരിഗണിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്പനിയിലെ തൊഴിലാളികൾക്ക് വിവിധ അഡ്വാൻസുകൾ നൽകിവന്നിരുന്നു. നിലവിൽ 13.35 കോടി രൂപയുടെ അഡ്വാൻസ് ബാദ്ധ്യതകൾ എല്ലാംതന്നെ തിരിച്ചുപിടിക്കുവാൻ കേന്ദ്രസർക്കാർ തീരുമാനമെടുത്തിരിക്കുകയാണ്. ജീവനക്കാർ ഇതിനെതിരെ വ്യാവസായിക ട്രിബ്യൂണലിൽ ഹർജി കൊടുത്തതിന്റെ അടിസ്ഥാനത്തിൽ അഡ്വാൻസുകൾ തിരിച്ചുപിടിക്കരുതെന്ന വിധിയുണ്ടായി. എന്നിട്ടും 2013 മുതൽ വിരമിച്ചുവരുന്ന ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി, പി. എഫ് ആനുകൂല്യങ്ങൾ ഒന്നും വിതരണം ചെയ്യുന്നില്ല.

14.12.2015-ന് അന്ന് പ്രതിപക്ഷനേതാവായിരുന്ന ഞാനും വ്യവസായ വകുപ്പുമന്ത്രി ശ്രീ പി. കെ. കുഞ്ഞാലിക്കുട്ടിയും ചേർന്ന് ഒരു യോഗം നടത്തി. ബന്ധപ്പെട്ട ഉദ്യോഗസ്ഥമേധാവികളുടെ സാന്നിദ്ധ്യത്തിൽ ചേർന്ന ആ

യോഗത്തിൽ കമ്പനി സംസ്ഥാന സർക്കാർ ഏറ്റെടുക്കാൻ തീരുമാനിച്ചതാണ്. എന്നാൽ നടപടികൾ ഒന്നുംതന്നെ ആയില്ല. സംസ്ഥാനത്ത് ലാഭകരമായി പ്രവർത്തിച്ചുവരുന്ന ഒരു കേന്ദ്ര പൊതുമേഖലാസ്ഥാപനം എന്ന നിലയ്ക്ക് സംസ്ഥാന സർക്കാർ ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിന് എടുത്ത തീരുമാനങ്ങൾ ദ്രുതഗതിയിൽ നടപ്പിലാക്കേണ്ടതുണ്ട്.

മാതൃസ്ഥാപനം അടച്ചുപൂട്ടിയതിനുശേഷം ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റിന്റെ കാര്യത്തിൽ തുടരുന്ന അനിശ്ചിതാവസ്ഥ ലാഭകരമായി പ്രവർത്തിച്ചുവരുന്ന കമ്പനിയെ തകർച്ചയിലേക്ക് തള്ളിവിടുന്ന സ്ഥിതിവിശേഷം ഉണ്ടാക്കിയിരിക്കുന്നു.

ആയതിനാൽ കമ്പനിയുടെ കൈമാറ്റനടപടികൾ പൂർത്തീകരിച്ച് ജീവനക്കാരുടെ ശമ്പളപരിഷ്കരണ കുടിശ്ശിക, വിരമിച്ച ജീവനക്കാരുടെ ആനുകൂല്യങ്ങൾ എന്നിവ സംബന്ധിച്ച് തീർപ്പ് കൽപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ

സ്ഥാപനങ്ങളുൾപ്പെടെയുള്ളവയുടെ ഓഹരികൾ വിറ്റഴിക്കുന്നതിനും സ്വകാര്യവൽക്കരിക്കുന്നതിനുമുള്ള നടപടികളാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നത്. പാലക്കാട് പ്രവർത്തിക്കുന്ന ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ മാതൃസ്ഥാപനമായ രാജസ്ഥാനിലെ 'കോട്ട'-യിലെ യൂണിറ്റിന്റെ നഷ്ടം കാരണമാണ് ലാഭത്തിൽ പ്രവർത്തിക്കുന്ന പാലക്കാട് യൂണിറ്റുകൂടി പ്രതിസന്ധി നേരിടാനിടയായ കാരണം. കേന്ദ്ര സർക്കാർ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് സ്വകാര്യവൽക്കരിക്കാൻ തീരുമാനിച്ചപ്പോഴാണ് സംസ്ഥാനത്തിന്റെ വ്യവസായ താൽപ്പര്യവും പാലക്കാട് യൂണിറ്റിലെ തൊഴിലാളികളുടെ താൽപ്പര്യവും സംരക്ഷിക്കുന്നതിനുവേണ്ടി ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റ് കേരള സർക്കാർ ഏറ്റെടുക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കൂടിയ യോഗം തത്വത്തിൽ തീരുമാനിക്കുകയും തുടർ നടപടികൾ സ്വീകരിക്കുവാൻ ചീഫ് സെക്രട്ടറി ചെയർമാനായി ഒരു ഉന്നതാധികാര സമിതി രൂപീകരിക്കുകയും ചെയ്തത്. ഏറ്റെടുക്കലിന്റെ ഭാഗമായി 'റിയാബ്' നൽകിയ പ്രാഥമിക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉന്നതാധികാര സമിതിയുടെ തീരുമാനപ്രകാരം യൂണിറ്റിന്റെ ആസ്തി ബാധ്യതകൾ വിശദമായി വിലയിരുത്തുന്നതിനായി വർമ്മ ആന്റ്

വർമ്മയെന്ന ചാർട്ടേർഡ് അക്കൗണ്ടന്റ് സ്ഥാപനത്തേയും നിയമപരമായ പരിശോധനയ്ക്കായി മേനോൻ ആന്റ് പൈ എന്ന സ്ഥാപനത്തേയും ചുമതലപ്പെടുത്തിയത്. 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് ചെയ്ത വാർഷിക കണക്കിനെ ആധാരമാക്കി വർമ്മ ആന്റ് വർമ്മ സമർപ്പിച്ച ആസ്തി-ബാധ്യതാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉന്നതാധികാര സമിതി കേന്ദ്ര വ്യവസായ വകുപ്പ് ജോയിന്റ് സെക്രട്ടറി, ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് സി.എം.ഡി., വ്യവസായ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ എന്നിവരുമായി വിവിധ തലത്തിലുള്ള കൂടിയാലോചനകൾ നടത്തുകയുണ്ടായി. ഇതോടൊപ്പംതന്നെ മേനോൻ ആന്റ് പൈ സമർപ്പിച്ച നിയമപരമായ റിപ്പോർട്ടും 'റിയാബ്' നൽകിയ സാങ്കേതിക റിപ്പോർട്ടും ഉന്നതാധികാര സമിതി വിലയിരുത്തി. ബാധ്യതകളെല്ലാം ഒഴിവാക്കി വില കൂടാതെ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് പാലക്കാട് യൂണിറ്റ് ഏറ്റെടുക്കാമെന്ന കേരള സർക്കാരിന്റെ നിർദ്ദേശം കേന്ദ്രസർക്കാരിന് സ്വീകാര്യമല്ല. വർമ്മ ആന്റ് വർമ്മ സമർപ്പിച്ച ആസ്തി-ബാധ്യതാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉന്നതാധികാര സമിതി നിർദ്ദേശിച്ചിരുന്ന ആസ്തിയിലെ കുറവും ബാധ്യതയിലെ വർദ്ധനവും 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് ചെയ്ത വാർഷിക കണക്കിൽ

ഉൾപ്പെടുത്താമെന്നും എന്നാൽ തുടർച്ചയായ രണ്ട് ശമ്പളപരിഷ്കരണത്തിലൂടെ തൊഴിലാളികൾക്ക് ലഭിക്കേണ്ട അർഹതപ്പെട്ട വർദ്ധനവും മറ്റ് ആനുകൂല്യങ്ങളും കേരള ഹൈക്കോടതിയിൽ നിലവിലുള്ള കേസ്സിന്റെ തീർപ്പിന് വിധേയമായി മാത്രമേ പരിഹരിക്കുവാൻ സാധിക്കുകയുള്ളൂ എന്ന നിലപാടാണ് കമ്പനി സ്വീകരിച്ചിരിക്കുന്നത്. ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റ് 16.08.2017-ൽ സമർപ്പിച്ച 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് ചെയ്ത വാർഷിക കണക്ക് വർമ്മ ആന്റ് വർമ്മയ്ക്ക് പുതുക്കിയ ആസ്തി ബാധ്യതാ റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടി സമർപ്പിച്ചിരിക്കുകയാണ്. പ്രസ്തുത റിപ്പോർട്ട് ഉടനെതന്നെ ലഭ്യമാകുമെന്നാണ് അറിയിച്ചിരിക്കുന്നത്. 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് ചെയ്ത വാർഷിക കണക്ക് അടിസ്ഥാനപ്പെടുത്തിയുള്ള പുതുക്കിയ ആസ്തി-ബാധ്യതാ റിപ്പോർട്ട് ലഭിച്ചാലുടൻ ഉന്നതാധികാര സമിതി കൂടി സ്ഥാപനം ഏറ്റെടുക്കുന്നതിനുള്ള അടിന്തരമായ തുടർനടപടി സ്വീകരിക്കുന്നതാണ്.

(4) ആനന്ദപ്പള്ളി മരമടി

ശ്രീ. ചിറ്റയം ഗോപകുമാർ : സർ, അടൂർ ആനന്ദപ്പള്ളിയിൽ 60 വർഷമായി നടന്നുവന്നിരുന്ന കാർഷിക ഉത്സവമായ ആനന്ദപ്പള്ളി മരമടി മഹോത്സവം

നിലവിൽ ചില അവ്യക്തതകൾ കാരണം തടസ്സപ്പെട്ടിരിക്കുകയാണ്. തമിഴ്നാട്ടിലെ ജെല്ലിക്കെട്ടും സമാനമായ ചില അപകടകരമായ ഉരുക്കളുമായി ബന്ധപ്പെടുന്ന ആഘോഷങ്ങളുടെ വിവാദവുമായി ബന്ധപ്പെടുത്തിയാണ് യാതൊരു അടിസ്ഥാനവുമില്ലാതെ തികച്ചും അപകടരഹിതമായ ഈ ഗ്രാമീണ കാർഷിക ആഘോഷം നിർത്തിവച്ചിട്ടുള്ളത്. നെൽകൃഷി വ്യാപകമാക്കുന്നതിന് ശ്രമിക്കുന്ന കാലിക സാഹചര്യത്തിൽ പരമ്പരാഗത കാർഷിക രീതിയിൽ മനുഷ്യനും ഉരുക്കളും സമ്മേളിക്കുന്ന കാർഷിക അദ്ധ്വാനത്തിന്റെ പ്രതീകാത്മകമായ ആഘോഷമാണ് ഈ മരമടി മഹോത്സവം. യുവാക്കളെ കാർഷിക വൃത്തിയിലേയ്ക്ക് ആകർഷിക്കുക, വിവിധ പ്രദേശങ്ങളിലെ കർഷകരുടെ കൂട്ടായ്മ നിലനിർത്തുക എന്നീ ലക്ഷ്യങ്ങളും നമ്മുടെ ഈ തനതു കാർഷിക രൂപത്തിനുണ്ട്. 60 വർഷമായി മൃഗങ്ങൾക്കോ ഓട്ടക്കാർക്കോ യാതൊരുവിധ അപകടങ്ങളും ഈ വിനോദവുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടില്ല. ഈ ഉരുക്കളെ തികച്ചും സ്നേഹമന്ത്രണമായി പരിപാലിച്ചാണ് കർഷകർ മത്സരത്തിന് എത്തിക്കുന്നത്. മൃഗങ്ങളും മനുഷ്യരും തമ്മിലുള്ള പോരാട്ടമല്ല. മറിച്ച് ഒന്നായി ചേർന്ന് വിജയം വരിക്കുന്ന സാഹര്യമാണ് സംജാതമാകുന്നത്. ജെല്ലിക്കെട്ട് അടക്കമുള്ള മാരകമായ വിനോദങ്ങൾ വീണ്ടും

സജീവമായിരിക്കുന്നു. കുതിരയോട്ടവും ആനയോട്ടവും തടസ്സമില്ലാതെ നടക്കുന്നു. എന്നാൽ സാധാരണ കർഷകരുടെ മരമടിക്കുവേണ്ടി ആരും ശബ്ദമുയർത്തുന്നില്ല. എറണാകുളം ജില്ലയിലെ കാക്കൂർ കാളവയലിൽ സമാനമായ മരമടി മത്സരം വീണ്ടും വന്നിരിക്കുന്നു. എന്നാൽ അടൂർ ആനന്ദപ്പള്ളിയിലെ മരമടി മഹോത്സവം ചില നിയമ അവ്യക്തതകളുടെ പേരിൽ മുടങ്ങിയിട്ടുള്ളതായി കാണുന്നു. ആയതിനാൽ ഈ ഉത്സവം പുനരാരംഭിച്ച് അടൂർ ആന്ദപ്പള്ളി മരമടി മഹോത്സവം നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): സർ, കേരളത്തിന്റെ കാർഷിക പാരമ്പര്യവുമായി ബന്ധമുള്ളതും കേരളത്തിൽ പരമ്പരാഗതമായി നിലനിന്നിരുന്നതുമായ കാളപൂട്ട്, മരമടി, കന്നുപൂട്ട്, ഉഴവ് മുതലായ കായിക വിനോദങ്ങൾ നിയമ വ്യാഖ്യാനത്തിലെ അവ്യക്തതമൂലം പല സ്ഥലങ്ങളിലും നിലച്ചിരിക്കുകയാണ്. 1960-ലെ മൃഗങ്ങളോടുള്ള ക്രൂരത തടയൽ ആക്ടിലെ വ്യവസ്ഥകൾ പ്രകാരവും തമിഴ്നാട് സർക്കാരും അനിമൽ വെൽഫെയർ ബോർഡും എന്ന കേസിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി പുറപ്പെടുവിച്ച

വിധിന്യായത്തിന്റെ വെളിച്ചത്തിലും മൃഗങ്ങളെ പൊതുജനങ്ങളുടെ മുന്നിൽ വിനോദത്തിനായി പ്രദർശിപ്പിക്കുന്നതിനും അവയെക്കൊണ്ട് അഭ്യാസം ചെയ്യിപ്പിക്കുന്നതിനും മനുഷ്യനും മൃഗവുമായി മത്സരം സംഘടിപ്പിക്കുന്നതിനും മറ്റും ഇന്ത്യയിലാകെ വിലക്ക് ഏർപ്പെടുത്തിയിട്ടുള്ളതാണ്. അതുകൊണ്ട് മൃഗങ്ങളെ ഉപയോഗിച്ചുള്ള മത്സരവിഭാഗ പരിപാടികൾക്ക് അനുമതി നൽകാൻ ഇപ്പോൾ സാധിക്കുന്നില്ല. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ വെളിച്ചത്തിൽ തമിഴ്നാട്ടിലും മറ്റും വ്യാപകമായി നടത്തിയിരുന്ന ജെല്ലിക്കെട്ട് പോലുള്ള കായിക വിനോദങ്ങൾ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ വെളിച്ചത്തിൽ സംഘടിപ്പിക്കുന്നതിന് തടസ്സം നേരിട്ടിരുന്നു. ഈ സാഹചര്യത്തിൽ ജെല്ലിക്കെട്ട് നടത്തുന്നതിന് നിയമപരിരക്ഷ നൽകുന്നതിനായി ഒരു പ്രത്യേക നിയമം കൊണ്ടുവന്നാണ് തമിഴ്നാട് സർക്കാർ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയെ മറികടന്നത്. കേരളത്തിന്റെ കാർഷിക സംസ്കൃതിയുടെ ഭാഗമായി പുരാതന കാലംമുതൽ കേരളത്തിൽ നടന്നുവന്നിരുന്നതും മൃഗങ്ങളോട് യാതൊരുവിധ ക്രൂരതയും കാട്ടാത്തതുമായ കാളപൂട്ട്, കന്നുപൂട്ട്, മരമടി, ഉഴവ് എന്നീ പേരുകളിൽ അറിയപ്പെടുന്ന മത്സരങ്ങൾ കേരളത്തിൽ സംഘടിപ്പിക്കാൻ വിലക്ക് ഏർപ്പെടുത്തുന്നത് ഗൗരവമായ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

ജെല്ലിക്കെട്ടിന്റെ കാര്യത്തിൽ തമിഴ്നാട് സർക്കാർ സ്വീകരിച്ചതുപോലെ ഒരു നടപടി സ്വീകരിക്കാവുന്ന അവസ്ഥാ വിശേഷമാണോ കേരളത്തിലെ സാമൂഹിക അന്തരീക്ഷമെന്ന് പരിശോധിക്കേണ്ടതാണ്. അതുപോലെതന്നെ കേരളത്തിന്റെ കാർഷിക സംസ്കാരത്തിന്റെ ഭാഗമായി പ്രാചീന കാലം മുതൽ അവർ നടത്തി വന്നിരുന്നതും മൃഗങ്ങളോട് യാതൊരുവിധ ക്രൂരത കാട്ടാതെയും മരമടിമത്സരം പോലെയുള്ള മത്സരങ്ങൾ ആവശ്യമായ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് കർശനമായ ഉപാധികളോടെയും നടത്താൻ കഴിയുമോ എന്ന കാര്യവും പ്രത്യേകം പരിശോധിക്കും.

## (5) ഭൂമി പോക്കുവരവ്

ശ്രീ. പി. സി. ജോർജ്: സർ, ഡോ. എൻ. ജയരാജ് ഇവിടെ ശ്രദ്ധക്ഷണിക്കൽ നടത്തിയപ്പോൾ സത്യത്തിൽ അദ്ദേഹത്തിന് എട്ടുകാലി മമ്മൂഞ്ഞിനെപ്പോലെ, എല്ലാം ഞമ്മളാണ് എന്നുപറയുന്ന കുഴപ്പമൊഴിച്ച് ബാക്കിയൊരു കുഴപ്പവുമില്ല. അദ്ദേഹം പറഞ്ഞത് മുഴുവൻ നടപ്പാക്കേണ്ട കാര്യമാണ്. അതിൽ പ്രധാനപ്പെട്ട കാര്യം, 28.03.2015-ലെ സർക്കാർ ഉത്തരവ് ഇറങ്ങിയിട്ടുണ്ട്. മുൻ എം.എൽ.എ. ശ്രീ. കെ. കൃഷ്ണൻകുട്ടി ചെയർമാനും കാർഷിക വിദഗ്ദ്ധരും ആസൂത്രണ ബോർഡിന്റെയും കേരള കാർഷിക സർവ്വകലാശാലയുടെയും നേതൃത്വത്തിൽ നടന്ന

പഠന റിപ്പോർട്ട് വന്നിരുന്നു. ശ്രീ. കെ. കൃഷ്ണൻകുട്ടിയുടെ നേതൃത്വത്തിലുള്ള കമ്മീഷന്റെ റിപ്പോർട്ട് നമ്മൾ പൂർണ്ണമായി നടപ്പാക്കണം. കേന്ദ്ര സർക്കാർ അത് വളരെ ഗൗരവത്തോടെ കണ്ടു. മാത്രമല്ല ഇന്ത്യയിലെ ഏഴ് സംസ്ഥാനങ്ങൾ അത് സ്വീകരിച്ചു. കേരളത്തിന് ഒരു പ്രത്യേകതയുണ്ട്. അതൊന്ന് കൃഷി വകുപ്പുമന്ത്രിയെ ഓർമ്മിപ്പിച്ചുവെന്നു മാത്രം.

നമ്മുടെ ഭൂപരിഷ്കരണ നിയമത്തിലെ ഒരു അപാകതയെ സംബന്ധിച്ചാണ് എനിക്ക് ഇവിടെ പറയുവാനുള്ളത്. ഭൂപരിഷ്കരണ നിയമത്തെയൊന്നും ഞാൻ എതിർക്കുന്നില്ല. അത് വളരെ നല്ലതാണ്. പക്ഷേ ആ നിയമത്തിലെ ചെറിയ നിബന്ധനകളുടെ പേരിൽ... കേരള ഭൂപരിഷ്കരണ നിയമം 1961 സെക്ഷൻ 81 പ്രകാരം ഇളവ് അനുവദിച്ച ഭൂമി കൈമാറ്റം ചെയ്ത് തരംമാറ്റം വരുത്തുന്നതിനെതിരെയുള്ള ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവാണ് റവന്യൂ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുവാനുള്ളത്. അതായത് കാഞ്ഞിരപ്പള്ളി താലൂക്കിൽ അഞ്ച് സെന്റ് ഭൂമി പാവപ്പെട്ടൊരാൾ വീടു വയ്ക്കാൻവേണ്ടി വാങ്ങിയാൽപ്പോലും അതിന്റെ രേഖയിൽ തോട്ടം എന്നെഴുതിയിരിക്കുന്നതുകൊണ്ട് അവിടെ വീട് വയ്ക്കാൻ പറ്റില്ല. എന്നാൽ വ്യാപകമായി ഇങ്ങനെ വസ്തു കച്ചവടം നടത്തി തോട്ടം മാറ്റണമെന്ന അഭിപ്രായം എനിക്കില്ല. പക്ഷേ ഒരേക്കർ ഭൂമി

വരെയുള്ള ആളുകൾക്ക് അത് മാറ്റം വരുത്തിക്കൊടുത്തില്ലെങ്കിൽ എങ്ങനെ മുന്നോട്ടുപോകാൻ കഴിയും. അതുകൊണ്ട് നിർബന്ധമായും ചെയ്യണം. 25.02.2015-ലെ ഉത്തരവിൽ വളരെ വ്യക്തമായി പറഞ്ഞിരിക്കുന്നൊരു കാര്യം, Transfer of Registry Rules, 1966-ലെ റൂൾ 16-ന്റെ അടിസ്ഥാനത്തിൽ പോക്കുവരവ് ചെയ്യുന്നത് ഭൂനികുതി സ്വീകരിക്കുന്നതിനുള്ള ഫിസ്കൽ പർപ്പസ് ഉപാധി മാത്രമാണെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി വ്യക്തമാക്കിയിട്ടുള്ളതിനാലും Kerala Land Tax Act 1961-ലെ സെക്ഷൻ 19(A) പ്രകാരം ഭൂനികുതി സ്വീകരിക്കുന്നത് പ്രസ്തുത ഭൂമിയിലെ വ്യവസ്ഥകളെ ബാധിക്കില്ല എന്ന് വ്യക്തമാക്കിയിട്ടുള്ളതിനാലും കേരള ഭൂപരിഷ്കരണ നിയമത്തിലെ സെക്ഷൻ 81 പ്രകാരം ഇളവ് അനുവദിച്ച ഭൂമി കൈമാറ്റത്തിലൂടെ ലഭിക്കുന്നവരുടെ പേരിൽ പോക്കുവരവ് ചെയ്തു നൽകാവുന്നതാണ്. ഹൈക്കോടതി വിധിയിൽ പറഞ്ഞിരിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ ലാന്റ് ബോർഡിന്റെ ഓർഡർ ഇറങ്ങിയിട്ടുണ്ട്. ആ നിലയ്ക്ക് എന്തിനാണ് ഇനി അഞ്ച് സെന്റും പത്തു സെന്റും വാങ്ങുന്ന പാവപ്പെട്ട ആളുകളെ ബുദ്ധിമുട്ടിക്കുന്നത്; അവർക്ക് അത് പോക്കുവരവ് ചെയ്തു കൊടുത്താൽ പോരേ. ഇതുസംബന്ധിച്ച് കോട്ടയം ജില്ലാ കളക്ടർക്ക് നിർദ്ദേശം കൊടുക്കണം.

മീനച്ചിൽ താലൂക്കിലെ അഞ്ച് പഞ്ചായത്തുകളും കാഞ്ഞിരപ്പള്ളി താലൂക്കിലെ

അഞ്ച് പഞ്ചായത്തുകളും ഉൾപ്പെടുന്നതാണ് എന്റെ നിയോജക മണ്ഡലം. മീനച്ചിൽ താലൂക്കിലെ കൊണ്ടൂർ വില്ലേജിൽ പുരയിടം റീസർവ്വെ നടത്തിയപ്പോൾ തോട്ടം എന്ന് എഴുതിവച്ചിരിക്കുകയാണ്. മീനച്ചിൽ താലൂക്കിലെ ഏഴ് വില്ലേജുകളിൽ ഇങ്ങനെ സംഭവിച്ചിട്ടുണ്ട്. അവിടെയും ഇതുപോലെ പോക്കുവരവ് ചെയ്തുകൊടുക്കില്ല. ഇത് റീ സർവ്വെയിൽ വന്ന അപാകതയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇതിൽ ഇടപെടണം. റീ സർവ്വെയിൽ തെറ്റ് പറ്റിയതാണെന്ന് പരിശോധിച്ചാൽ മനസ്സിലാകും. റീസർവ്വെയിലെ തെറ്റ് മാറ്റിക്കൊണ്ട് കൊണ്ടൂർ വില്ലേജുൾപ്പെടെയുള്ള ഏഴ് വില്ലേജുകളിലെയും വസ്തു കൈമാറ്റത്തിനുള്ള പോക്കുവരവ് ചെയ്തെടുക്കാനുള്ള ശക്തമായ ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം എന്ന് അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, കേരള ഭൂപരിഷ്കരണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം തോട്ട ഭൂമിയായി ഇളവു നൽകിയ ഭൂമി കൈമാറ്റം ചെയ്യുന്നതിൽ തടസ്സങ്ങളൊന്നും നിലവിലില്ല. എന്നാൽ സെക്ഷൻ 81 പ്രകാരം ഏത് സംരംഭത്തിനാണോ ഇളവ് അനുവദിച്ചത്, ആ സംരംഭത്തിനുമാത്രം ഇളവ് തുടർന്നാൽ മതിയാകുമെന്നും ഇളവ് അനുവദിച്ച ഭൂമി കൈമാറ്റം ചെയ്തു കിട്ടുന്ന ആൾ അതേ ആവശ്യത്തിനുതന്നെ തുടർന്നും പ്രസ്തുത ഭൂമി

ഉപയോഗിക്കേണ്ടതുണ്ട് എന്നും അങ്ങനെ ഉപയോഗിക്കാതെ മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ പാടില്ല എന്നും വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ഇതൊക്കെ ബഹുമാനപ്പെട്ട പി. സി. ജോർജ്ജിന് അറിയാവുന്ന കാര്യങ്ങളാണ്. അങ്ങനെ മറ്റ് ആവശ്യങ്ങൾക്ക് പ്രസ്തുത ഭൂമി ഉപയോഗിക്കുന്നപക്ഷം അത്രയും വിസ്തീർണ്ണം ഭൂമി മിച്ചഭൂമിയായി ഭൂമി കൈമാറ്റം ചെയ്തു നൽകിയ ആളിന്റെ ഭൂമിയിൽനിന്ന് ഏറ്റെടുക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. അതനുസരിച്ച് താലൂക്ക് ലാന്റ് ബോർഡുകൾ ആയതിന്മേലുള്ള മിച്ചഭൂമി കേസ് നടപടികൾ പുനരാരംഭിക്കാവുന്നതാണ്. വൻകിട തോട്ടങ്ങൾ 5 സെന്റും 10 സെന്റുമായി മുറിച്ചു വിൽക്കുന്നത് തോട്ടം തുടർന്ന് നടത്തുന്നതിനും പരിപാലിക്കുന്നതിനുമല്ല എന്നും ഇളവു നൽകിയ ഭൂമി ഇത്തരത്തിൽ വിൽപ്പന നടത്തി തരംമാറ്റി വിനിയോഗിക്കാൻ കഴിയുമെന്ന ധാരണയിൽ പൊതുജനങ്ങൾ വീട് വയ്ക്കുന്നതിനും മറ്റും വാങ്ങുന്നത് തടയുന്നതിനും നിരുത്സാഹപ്പെടുത്തുന്നതിനും ആവശ്യമായ ബോധവൽക്കരണം വില്ലേജ് തലത്തിൽ നടത്തുന്നതിന് പരസ്യത്തിലൂടെയും പൊതുജനങ്ങളെ അറിയിക്കുന്നതിനും ജില്ലാകളക്ടർമാർക്ക് സ്റ്റേറ്റ് ലാന്റ് ബോർഡ് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. കാഞ്ഞിരപ്പള്ളി താലൂക്കിൽ 5 സെന്റും 10 സെന്റും ഭൂമി തോട്ടം ഭൂമി വാങ്ങിയവരുടെ കാര്യം പരിശോധിച്ച് നിയമപ്രകാരം ചെയ്യാൻ

കഴിയുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.

ബഹുമാനപ്പെട്ട അംഗം പി. സി. ജോർജ്ജ് ഇവിടെ പറഞ്ഞിട്ടുള്ള റീസർവ്വെ നടപടികളെ തുടർന്ന് വന്നിട്ടുള്ള പാകപ്പിഴകൾ സംബന്ധിച്ച കാര്യങ്ങൾ എന്താണെന്ന് വളരെ വിശദമായി പരിശോധിച്ചാൽ മനസ്സിലാകുന്ന കാര്യമാണ്. അക്കാര്യം പരിശോധിക്കുന്നതായിരിക്കും.

## (6) ക്ഷേമനിധി ഏകീകരണം

ശ്രീ. കെ. ബാബു: സർ, കേരളത്തിലെ ലക്ഷക്കണക്കിന് വരുന്ന മോട്ടോർ തൊഴിലാളികൾ, ഓട്ടോറിക്ഷാ, ടാക്സി, ടെമ്പോ തൊഴിലാളികൾ ഇന്ന് സർക്കാർ ഓഫീസുകളിലേയ്ക്ക് നടത്തുന്ന സമരവുമായി ബന്ധപ്പെട്ട സബ്മിഷനാണ് ഞാൻ അവതരിപ്പിക്കുന്നത്. ഓട്ടോറിക്ഷാ രംഗത്ത് 568000-ത്തോളം വരുന്ന തൊഴിലാളികളും, രണ്ടു ലക്ഷത്തോളം വരുന്ന ടാക്സി തൊഴിലാളികളും, സ്റ്റേജ് കാരിയർ രംഗത്തുള്ള 29900 തൊഴിലാളികളും, കോൺട്രാക്ട് കാര്യേജിൽ 15331 തൊഴിലാളികളും ഗുഡ്സ്-ലൈറ്റ് വെഹിക്കിൾ രംഗത്ത് 249000 തൊഴിലാളികളും, മിഡിലും ഹെവിയിലും 20000-വും 126000 തൊഴിലാളികളും ഉൾപ്പെടെ 12 ലക്ഷത്തോളം വരുന്ന വാഹനങ്ങളും 8 ലക്ഷത്തോളം വരുന്ന തൊഴിലാളികളും ഇന്ന് 2005-ൽ നടപ്പിലാക്കിയ ക്ഷേമനിധിയിൽ അംഗത്വമെടുത്തിട്ടുണ്ട്. കേരളത്തിൽ

ഈ മേഖലയിൽ 15 ലക്ഷത്തിലധികം വരുന്ന വാഹനങ്ങളും 25 ലക്ഷത്തോളം വരുന്ന തൊഴിലാളികളും അനുബന്ധമായി തൊഴിലെടുത്തു വരികയാണ്. ഇവരുടെ ക്ഷേമത്തിനായി 1956-ൽ ബസ് തൊഴിലാളികൾക്ക് വേണ്ടി ഒരു ക്ഷേമനിധി, 1991-ൽ ഓട്ടോറിക്ഷാ തൊഴിലാളികൾക്ക് വേണ്ടി ഒരു ക്ഷേമനിധി, 1999-ൽ ഓട്ടോറിക്ഷാ തൊഴിലാളികളുടെ പരിഷ്കരിച്ച ക്ഷേമനിധി എന്നിങ്ങനെ മൂന്ന് ക്ഷേമനിധികൾ നടപ്പിലാക്കിയ ഘട്ടത്തിൽ തന്നെയാണ്, 2005-ൽ എല്ലാ വിഭാഗം മോട്ടോർ തൊഴിലാളികൾക്കുമായി ഒരു ക്ഷേമനിധി ഇവിടെ പ്രഖ്യാപിച്ചത്. തൊഴിലാളി വിഹിതമായി 50 രൂപ മുതൽ 150 രൂപ വരെയും, ഉടമസ്ഥന്റെ വിഹിതമായ 50 രൂപ മുതൽ 350 രൂപ വരെയും പിരിച്ചെടുത്ത്, 1965 കോടി രൂപയുടെ ആസ്തിയുള്ള ഏറ്റവും സമ്പന്നമായ ക്ഷേമനിധിയാണ് മോട്ടോർ തൊഴിലാളി ക്ഷേമനിധി. ഇതിൽ തൊഴിലാളികളുടെ ക്ഷേമനിധി കളക്ഷൻ സെന്ററായി 49 എണ്ണം കേരളത്തിൽ ഉണ്ടായിരുന്നു, പീരുമേട് ഒഴികെ 48 എണ്ണവും ഇപ്പോൾ പൂട്ടിയിരിക്കുകയാണ്. 2005-ലെ തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമുള്ള തൊഴിലാളികൾക്ക് വലിയ തോതിലുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്. വിദ്യാർത്ഥി സ്കോളർഷിപ്പ്, വിവാഹ ധനസഹായം, ചികിത്സാ ധനസഹായം, നോർമലും ആക്സിഡന്റുമായ ഡെത്ത് സംഭവിച്ചുകഴിഞ്ഞാൽ കിട്ടാവുന്ന

ആനുകൂല്യം, അംഗവൈകല്യം വന്നവർക്കുള്ള ആനുകൂല്യം, സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള 1100 രൂപ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ എന്നിവ 2005-ൽ ക്ഷേമനിധിയിൽ അംഗത്വമുള്ള തൊഴിലാളികൾക്ക് കിട്ടുന്നുണ്ട്. എന്നാൽ 1999 വരെ ക്ഷേമനിധിയിൽ അംഗമായിട്ടുള്ള തൊഴിലാളികൾക്കുള്ള ആനുകൂല്യം വളരെ തുച്ഛമാണ്. അതുമാത്രമല്ല 1999 വരെ ക്ഷേമനിധിയിൽ അംഗത്വമുള്ള തൊഴിലാളികൾക്ക് 50 വയസ്സുവരെയാണ് പണം അടയ്ക്കേണ്ടി വരുന്നത്. എന്നാൽ 2005-ലെ ക്ഷേമനിധിയിൽ അംഗത്വമെടുത്തിട്ടുള്ള ആളുകൾക്ക് 60 വയസ്സുവരെ പണം അടയ്ക്കണം. 60 വയസ്സ് കഴിഞ്ഞ തൊഴിലാളികൾക്കാണ് പെൻഷനും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാകുക. 1999 വരെ ക്ഷേമനിധിയിൽ അംഗത്വമുള്ള 50 വയസ്സ് പൂർത്തീകരിച്ച തൊഴിലാളികൾ വീണ്ടും 2005-ലെ ക്ഷേമനിധിയിൽ അംഗത്വമെടുക്കണം. 60 വയസ്സുവരെ തുക അടയ്ക്കണമെന്നു പറയുമ്പോൾ തന്നെ 1999 വരെ ക്ഷേമനിധിയിൽ അടച്ച സർവ്വീസ് കാലാവധിപോലും അവർക്ക് ലഭിക്കാതെ പോകുന്ന വലിയൊരു അനീതിയാണ് ആ തൊഴിലാളികൾക്കുമേൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. സർക്കാരിനാണെങ്കിൽ ഈ മേഖലയിലെ തൊഴിലാളികൾക്ക് ഒരു മുതൽമുടക്കും ഇല്ലാത്ത സ്ഥിതിയാണ്. കേരളത്തിന്റെ യാത്രാമേഖലയിൽ സേവനമേഖല എന്ന നിലയിൽ പ്രവർത്തിക്കുന്ന

തൊഴിലാളികളിൽനിന്നും വാഹന ഉടമസ്ഥൻമാരിൽനിന്നും വാഹന നികുതിയിനത്തിലും, രജിസ്ട്രേഷൻ ഫീസ് ഇനത്തിലും, പെർമിറ്റ് ഇനത്തിലും, ലൈസൻസ് ഫീ, ബാഡ്ജ് ഫീ, പെട്രോൾ ഡീസൽ സെസ്സ്, ഗ്രീൻ ടാക്സ് തുടങ്ങിയ ഇനത്തിൽ കോടിക്കണക്കിന് രൂപയാണ് ഈ മേഖലയിലെ തൊഴിലാളികളിൽനിന്നും വാഹന ഉടമസ്ഥൻമാരിൽനിന്നും നമ്മുടെ ഖജനാവിലേയ്ക്ക് കിട്ടുന്നത്. ഇപ്പോൾ 2017-ലെ റോഡ് ട്രാൻസ്പോർട്ട് സേഫ്റ്റി ബിൽ എന്ന പേരിൽ കേന്ദ്ര ഗവൺമെന്റ് ഈ മേഖലയെ കോർപ്പറേറ്റ്വൽക്കരിക്കാൻ എടുത്തിട്ടുള്ള തീരുമാനവും ഈ മേഖലയിൽ വലിയ പ്രതിസന്ധിയാണ് സൃഷ്ടിക്കുന്നത്. തൊഴിലാളികൾക്ക് അവരുടെ വാഹനത്തിന്റെ വില വർദ്ധിച്ചു. പെട്രോൾ-ഡീസൽ വില 2014-ന് ശേഷമെടുത്താൽ 10 രൂപയിലധികമാണ് വർദ്ധിച്ചിരിക്കുന്നത്. ഇൻഷ്വറൻസ് പ്രീമിയം 300 ഇരട്ടിയിലധികം വർദ്ധിച്ചു. സ്പെയർ പാർട്സുകളുടെ വിലയും ക്രമാതീതമായിട്ടാണ് വർദ്ധിച്ചിരിക്കുന്നത്. അങ്ങനെ ദുരിതത്തിലാഴ്ന്നു പോയിട്ടുള്ള ഈ തൊഴിലാളികളെ സംരക്ഷിക്കാൻ അവരുടെ ജീവിതത്തിന് ഒരു സുരക്ഷിതത്വബോധമുണ്ടാകുന്നതിനു വേണ്ടി ഈ ക്ഷേമനിധിയിൽ ഉൾപ്പെട്ടിട്ടുള്ള തൊഴിലാളികൾക്ക് ലോട്ടറി തൊഴിലാളികൾക്ക് ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള ഉൽസവബത്ത എന്ന നിലയിലുള്ള യാതൊരു ആനുകൂല്യവും

ഉൽസവകാലത്തുപോലും സമ്പന്നമായ ക്ഷേമനിധിയിൽ നിന്നു കിട്ടുന്നില്ല. തൊഴിലാളികൾക്ക് ക്രമാതീതമായി എല്ലാ വർദ്ധനവും ഉണ്ടാകുകയാണ്; അവർക്ക് 2014-ലാണ് ചാർജ്ജ് വർദ്ധനവ് ഉണ്ടായത്. മോട്ടോർ തൊഴിലാളികളുടെ ജീവിത സുരക്ഷ ഉറപ്പാക്കിയിട്ടുള്ള ഈ ക്ഷേമനിധിയിൽ 1999 വരെ നിലനിൽക്കുന്ന എല്ലാ ക്ഷേമനിധികളേയും 2005-ലെ ക്ഷേമനിധിയുമായി മുൻകാല സർവ്വീസോടുകൂടി ലയിപ്പിക്കാൻ ആവശ്യമായ അടിയന്തര നടപടിയുണ്ടാകണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, കേരളത്തിലെ സ്വകാര്യ മോട്ടോർ വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ ഉന്നമനത്തിനായി കേരള സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയതാണ് 1985-ലെ കേരള മോട്ടോർ തൊഴിലാളി നിയമവും പദ്ധതിയും. 1986 ഏപ്രിൽ 1 മുതൽ നടപ്പിലാക്കിയ പ്രസ്തുത പദ്ധതിയിൽ കൂടുതലും അംഗങ്ങളായത് ബസ് തൊഴിലാളികളായിരുന്നു. തുടർന്ന് ഓട്ടോറിക്ഷാ തൊഴിലാളികൾക്കായി നടപ്പിലാക്കിയ പദ്ധതി 3.05.1991-ലെ സർക്കാർ ഉത്തരവ് പ്രകാരം പ്രാബല്യത്തിൽ വരികയും, 17.4.1999-ലെ സർക്കാർ ഉത്തരവു പ്രകാരം കൂടുതൽ ആകർഷകമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി ഭേദഗതി വരുത്തുകയും ചെയ്തു. 20 മുതൽ 48 വയസ്സുവരെ

പ്രായമുള്ള ഓട്ടോറിക്ഷാ തൊഴിലാളികൾക്കും, സ്വയം തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്കുമാണ് ഈ പദ്ധതിയിലെ അംഗത്വത്തിന് അർഹതയുണ്ടായിരുന്നത്. അംഗങ്ങളായ 20156 തൊഴിലാളികളെ പ്രത്യേകം നിലനിർത്തിക്കൊണ്ട് 07.06.2005-ലെ സർക്കാർ ഉത്തരവ് പ്രകാരം കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതി ഭേദഗതി വരുത്തിയിരുന്നു. ആയതിനാൽ 1991-ലെ കേരളാ ഓട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി പദ്ധതി പ്രകാരം അംഗങ്ങളായ തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തി 2005-ലെ കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതി ഭേദഗതി വരുത്തുന്നതിന് ബോർഡ് ഭരണസമിതി അംഗീകരിച്ച നിർദ്ദേശം സർക്കാർ വിശദമായി പരിശോധിക്കുകയും പ്രസ്തുത നിർദ്ദേശം 14-ാം കേരള നിയമസഭ ബിൽ നമ്പർ 49 ആയി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ബിൽ പാസ്സാക്കുന്നതോടുകൂടി ഓട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി പദ്ധതി പരിഷ്കരിക്കപ്പെട്ട 2005-ലെ മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയുടെ ഭാഗമാകുന്നതാണ്. 2005-ലെ ക്ഷേമനിധി പദ്ധതി ആധാരമാക്കിയെടുത്ത് ഇവിടെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ എല്ലാ മേഖലയിലേയും മോട്ടോർ വ്യവസായവുമായി ബന്ധപ്പെട്ടു നിൽക്കുന്ന എല്ലാ തൊഴിലാളികൾക്കും പരിരക്ഷ നൽകാവുന്ന സമീപനം

ഈ പരിഷ്കരണത്തിന്റെ ഭാഗമായി സ്വീകരിക്കാവുന്നതാണ്. ഭേദഗതി പാസ്സാകുന്നതോടുകൂടി ഈ ആവശ്യം പരിഹരിക്കപ്പെടും. തൊഴിലാളി സംഘടനകളുമായി ചർച്ച നടത്തി ഇതിന്റെ വിശദാംശങ്ങളെക്കുറിച്ച് വ്യക്തത വരുത്തുന്നതിനുള്ള നിലപാടും ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

## (7) ദേശീയപതാക ഉയർത്തിയത് സംബന്ധിച്ച്

ശ്രീ. ഒ. രാജഗോപാൽ: സർ, എനിക്ക് ഈ സബ്മിഷൻ ഉന്നയിക്കാൻ അനുവാദം തന്നതിന് ആദ്യംതന്നെ നന്ദി പറയുകയാണ്. ആഗസ്റ്റ് 15-ാം തീയതിയുടെ പ്രാധാന്യത്തെക്കുറിച്ച് ഞാൻ വിസ്തരിക്കേണ്ട കാര്യമില്ല. എനിക്ക് തോന്നുന്നത്, ജനങ്ങൾക്കിടയിൽ രാജ്യസ്നേഹത്തിന്റേയും, ഒരുമയുടേയും, കെട്ടുറപ്പിന്റേയും ഒരു മനോഭാവം സൃഷ്ടിക്കാൻ വേണ്ടിയാണ് ആഗസ്റ്റ് 15 രാജ്യം മുഴുവൻ ആഘോഷിക്കുന്നത്. അതിനു സഹായമായിട്ടുള്ള സമീപനം വേണമെന്നുള്ളതാണ് അതിന്റെ ഉദ്ദേശം എന്ന് ഞാൻ മനസ്സിലാക്കുന്നു. ദേശീയപതാകയെ സംബന്ധിച്ച വ്യവസ്ഥകളും, നിയമങ്ങളുണ്ടാക്കാനുള്ള അവകാശവും കേന്ദ്രത്തിന്റേതാണ്. കേന്ദ്രത്തിന്റെ ഇതുസംബന്ധിച്ച് കാര്യം ബഹുമാനപ്പെട്ട സുപ്രീം കോടതി ഡിവിഷൻ ബഞ്ചിന്റെ 1994-ലുള്ള വിധിന്യായത്തിൽ വ്യക്തമായി പറയുന്നുണ്ട്. അതുകൊണ്ട് ഇപ്പോൾ കേരളത്തിൽ

അതുപോലെ തന്നെയാണ് ചെയ്യുന്നത്. ഉദാഹരണത്തിന് എല്ലാ ജില്ലകളിലും സംസ്ഥാനത്തിലും പലതരത്തിലുള്ള ആൾക്കാരെ ക്ഷണിച്ച് വരുത്തി പരിപാടികളിൽ പങ്കാളിത്തം ഉറപ്പ് വരുത്താറുണ്ട്. ജനപ്രതിനിധികൾ അല്ലാത്ത ആൾക്കാരേയും ഉൾപ്പെടുത്തുന്നുണ്ട്. അങ്ങനെയാണ് കോൺഗ്രസ്സ് നേതാവ് ശ്രീ. വി. എം. സുധീരൻ, അതുപോലെ ശ്രീ. ആനത്തലവട്ടം ആനന്ദൻ, ഒരു സ്ഥലത്ത് ഒരു സ്വാമി അങ്ങനെ പല ആൾക്കാരേയും വിളിച്ച് ജനങ്ങളുടെ പങ്കാളിത്തം കൂടുതൽ വ്യാപകമാക്കാൻ വേണ്ടി ചെയ്യുന്ന ഒരു പരിപാടിയാണ്; അതാണ് നല്ലതായിട്ടുള്ള കാര്യം. എന്തോ നിർഭാഗ്യവശാൽ നടന്ന ചില സംഭവങ്ങൾ അതിന് വിരുദ്ധമായി ചില ആൾക്കാരെ അയിത്തക്കാരായി മാറ്റി നിർത്തുന്ന, അവഹേളിക്കുന്ന ഒരു സംഭവം ഉണ്ടായതായി തോന്നുന്നു. പാലക്കാട് മൂത്താന്തല ടൗണിലെ മൂത്തന്തല ഭാഗത്ത് ഒരു കമ്മ്യൂണിറ്റിയുണ്ട്. ആ കമ്മ്യൂണിറ്റിക്കാർ 50 കൊല്ലം മുമ്പ് ഒരു സ്കൂൾ ആരംഭിക്കാൻ തീരുമാനിച്ചു. അവരുടെ കൂട്ടായ പ്രവർത്തനം കൊണ്ട് സ്വകാര്യ ഏർപ്പാടല്ല, കൂട്ടായ സൊസൈറ്റിയുടെ പ്രവർത്തനത്തിന്റെ ഫലമായി നല്ലൊരു മാതൃകാസ്ഥാപനമായി അതിനെ വളർത്തി. സ്വാഭാവികമായും അവരുടെ ആർ.എസ്.എസ്.-ന്റെ നേതാവ് ശ്രീ. മോഹൻ ഭാഗവത്തിനെ ക്ഷണിച്ചു. അദ്ദേഹത്തിന് വരാൻ സാധ്യമല്ലെന്നും അടുത്തകൊല്ലം

വരുമ്പോൾ അവിടെ വരാമെന്ന് സമ്മതിക്കുകയും ചെയ്തു. ഈ പ്രാവശ്യം അദ്ദേഹം ആ നിലയ്ക്ക് കേരളത്തിലെ ടൂറിന്റെ ഭാഗമായി ആ ദിവസങ്ങളിൽ പാലക്കാട് പരിപാടികളിൽ പങ്കെടുക്കാൻ ഉണ്ടായിരുന്നു. ഇത് ഉപയോഗപ്പെടുത്തിക്കൊണ്ട് ആ സ്കൂളിൽ പഠിക്കുന്ന കുട്ടികൾ, അദ്ധ്യാപകൻമാർ, പേരന്റ്സ് അസോസിയേഷൻ ഇവരെല്ലാപേരും കൂടിചേർന്ന് അദ്ദേഹത്തിനെ വിശിഷ്ടാതിഥിയായി സ്വീകരിച്ചുകൊണ്ട് ഫ്ലാഗ് ഹോസ്റ്റ് ചെയ്യണമെന്ന് തീരുമാനിച്ചു. അതനുസരിച്ച് ജില്ലാ കളക്ടറെ .......(ബഹളം).......

<u>മി. സ്പീക്കർ</u>: അദ്ദേഹം പറഞ്ഞ് അവസാനിപ്പിക്കട്ടെ. മറുപടി പറയാൻ മന്ത്രിയുണ്ട്. പ്ലീസ്... പ്ലീസ്... അങ്ങേയ്ക്ക് സഭയിൽ സബ്മിറ്റ് ചെയ്യാനുള്ളത് പറയൂ.

<u>ശ്രീ. ഒ. രാജഗോപാൽ</u>: സർ, ഇതാണ് പ്രശ്നം.... അസഹിഷ്ണുതയാണ് പ്രശ്നം. അതുകൊണ്ട് ഞാൻ പറഞ്ഞു വരുന്നത്, വിവേചനം പാടില്ല എന്നതാണ് എന്റെ പോയിന്റ്. പതാക ഉയർത്താൻ വേണ്ടി വിശദമായ തീരുമാനം എടുത്തശേഷം ആ വിവരം ജില്ലയിലെ പോലീസ് ഉദ്യോഗസ്ഥൻമാരേയും വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥൻമാരേയും 5-ാം തീയതിയും 10-ാം തീയതിയും രണ്ടും മൂന്നും പ്രാവശ്യം അറിയിക്കുകയുണ്ടായി. അതനുസരിച്ച് പോലീസ് ഉദ്യോഗസ്ഥന്മാർ വന്നു, ഹൈ സെക്യൂരിറ്റി ആവശ്യമായതിനാൽ അതെല്ലാം പരിശോധിച്ചു, സ്റ്റേജ് ഇന്ന

രീതിയിൽ വേണം തുടങ്ങിയ കാര്യങ്ങൾക്കൊക്കെ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും അതിനു വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തു....(ബഹളം).......

മി. സ്പീക്കർ: പ്ലീസ്...പ്ലീസ്.. നിങ്ങൾ ഇരിക്കൂ... മന്ത്രി മറുപടി പറയും. ശ്രീ. ഒ. രാജഗോപാൽ... അങ്ങ് പറഞ്ഞ് അവസാനിപ്പിക്കൂ.

ശ്രീ. ഒ രാജഗോപാൽ: സർ, ആഗസ്റ്റ് 14- ന് രാത്രി പതിനൊന്നര മണിക്ക് അവിടെയുള്ള തഹസിൽദാരുടെ ഭാഗത്തു നിന്നും അത് ചെയ്യാൻ പാടില്ല, അങ്ങനെ അനുവദിക്കാൻ പറ്റില്ല, കൊടി ഉയർത്താൻ പാടില്ല എന്ന് പറയുകയുണ്ടായി. ...(ബഹളം).....

മി. സ്പീക്കർ: അങ്ങ് എന്താണ് സബ്മിറ്റ് ചെയ്യാൻ ഉദ്ദേശിക്കുന്നത്? വേഗം പറയൂ.. ...(ബഹളം).....

ശ്രീ. ഒ രാജഗോപാൽ: സർ, ഇത് മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നുള്ള നിർദ്ദേശമാണെന്ന് അവർ പറഞ്ഞു. അങ്ങനെ തഹസിൽദാർ ചെയ്തിട്ടുള്ളത് ഇത് മുടക്കാൻ വേണ്ടിയാണ്, ഇത് ശരിയല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അങ്ങനെയൊരു നിർദ്ദേശം കൊടുത്തിട്ടുണ്ട് എന്ന് ഞാൻ വിശ്വസിക്കുന്നില്ല......(ബഹളം).....

മി. സ്പീക്കർ: അങ്ങയുടെ സബ്മിഷൻ എന്താണ്?

ശ്രീ. ഒ രാജഗോപാൽ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിലെ

ആരുടേയോ, ആ അജ്ഞാതന്റെ നിർദ്ദേശപ്രകാരമാണ് അങ്ങനെ പറഞ്ഞതെന്നാണ് ജനങ്ങൾ സംശയിക്കുന്നത്. ഏതായാലും ഈ വിവേചനം ശരിയല്ല. എല്ലാവർക്കും തുല്യമായ അധികാരാവകാശങ്ങൾ കൊടുക്കണം. എല്ലാവർക്കും പങ്കാളിത്തമുണ്ട് എന്ന് ഉറപ്പുവരുത്തണം. ഈ നിലയ്ക്ക് അവഹേളിക്കുന്ന രീതിയിൽ കാര്യങ്ങൾ ചെയ്യുന്നത് തികച്ചും തെറ്റായ നിലപാടാണ്. അതിൽ പ്രതിഷേധമുണ്ട്. ഇങ്ങനെ അവഹേളിക്കുന്നതിനുവേണ്ടി ചില ആൾക്കാർ നടത്തിയ ഗൂഢാലോചനയിൽ ശക്തമായ പ്രതിഷേധം ഞാൻ അറിയിക്കുകയാണ്. ഏത് ലക്ഷ്യം വച്ചുകൊണ്ടാണോ ദേശീയ പതാക ഉയർത്തുന്നത്, ആ ഐക്യം ഉണ്ടാക്കുന്നതിന് സഹായകമാകുന്ന രീതിയിലാണ് കാര്യങ്ങൾ ചെയ്യേണ്ടത് എന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ. ...(ബഹളം).....

മി. സ്പീക്കർ: ഇതിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി മറുപടി പറയും. ഈ സഭയിലെ ഒരംഗം എന്ന നിലയിൽ അദ്ദേഹത്തിന് കാര്യങ്ങൾ ഉന്നയിക്കാനുള്ള അവസരം കൊടുത്തു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, സംസ്ഥാനത്തെ സ്കൂളുകളിൽ സ്വാതന്ത്ര്യ ദിനാഘോഷത്തിന്റെ നിർദ്ദേശങ്ങളും മാർഗ്ഗരേഖയും അടങ്ങിയ സർക്കുലർ 5.08.2017, 10.08.2017 എന്നീ

തീയതികളിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ നൽകിയിരുന്നു. പ്രസ്തുത സർക്കുലറിൽ പ്രധാന മേധാവികൾ ദേശീയ പതാക ഉയർത്തണമെന്നും ആഘോഷ പരിപാടികളിൽ രക്ഷിതാക്കൾ, ജനപ്രതിനിധികൾ, പൊതുപ്രവർത്തകർ, സ്വാതന്ത്ര്യ സമര സേനാനികൾ എന്നിവരെ പങ്കെടുപ്പിക്കണമെന്നും അറിയിച്ചിരുന്നു. എന്നാൽ ആർ.എസ്.എസ്. മേധാവി ശ്രീ. മോഹൻ ഭഗവത് ആണ് പാലക്കാട് കണ്ണകീയമ്മൻ ഹയർ സെക്കന്ററി സ്കൂളിൽ സ്വാതന്ത്ര്യ ദിനത്തിൽ പതാക ഉയർത്തുന്നത് എന്ന വിവരം 14.08.2017-ൽ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ പ്രധാനാദ്ധ്യാപകനെ അന്നുതന്നെ ഫോൺ മുഖേനയും ജില്ലാ കളക്ടർ കത്ത് മുഖേനയും സർക്കുലറിലെ നിർദ്ദേശം കർശനമായി നടപ്പിലാക്കുവാൻ സ്കൂൾ അധികൃതരോട് വീണ്ടും നിർദ്ദേശിക്കുകയാണുണ്ടായത്. ആയതിനാൽ ദേശീയ പതാക ഉയർത്തുന്നത് സംബന്ധിച്ച നിർദ്ദേശം സ്കൂൾ അധികൃതരെ അറിയിക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടില്ല.

(മേശപ്പുറത്ത് വയ്ക്കുന്ന കടലാസ്സുകൾ)